REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്തെ നിർമ്മിത ബുദ്ധി മേഖലയെ സജ്ജമാക്കാനും കരുത്തുറ്റതാക്കാനും സുപ്രധാന ചുവടുവെപ്പാണ് സ്കിൽ ദി നാഷണൽ ചാലഞ്ചെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **ചെന്നൈയിൽ ഒമ്പതാമത് സിദ്ധാ ദിനാഘോഷങ്ങൾ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന EVM, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമിക തല പരിശോധന ഇന്ന് ആരംഭിക്കും.**
- **കേര കർഷകർക്ക് മികച്ച വിപണിയും ന്യായമായ വിലയും ഉറപ്പാക്കാൻ 2,365 കോടി രൂപ ചെലവിൽ കേര പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി P.പ്രസാദ്.**
- **പഞ്ചായത്ത് പ്രസിഡന്റുമാരുമായി മന്ത്രി MB രാജേഷ് തൃശൂർ കിലയിൽ ഇന്ന് കൂടിക്കാഴ്ച നടത്തും.**
- **അണ്ടർ 19 പുരുഷ ക്രിക്കറ്റ് മൂന്ന് മത്സര പരമ്പരയിലെ ആദ്യ ഏകദിനത്തിൽ ഇന്ത്യ - ദക്ഷിണാഫ്രിക്ക മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

ഭാവി അധിഷ്ഠിത ശേഷികളിലൂന്നി രാജ്യത്തെ നിർമ്മിത ബുദ്ധി മേഖലയെ സജ്ജമാക്കാനും സാങ്കേതികമായി കരുത്തുറ്റതാക്കാനും സുപ്രധാന ചുവടുവെപ്പാണ് സ്കിൽ ദി നാഷണൽ ചാലഞ്ചെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ചാലഞ്ചിന് തുടക്കം കുറിച്ച് ന്യൂഡൽഹിയിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയമാണ് നിർമ്മിത ബുദ്ധി നൈപുണ്യ വികസനത്തിന് പ്രാധാന്യം നൽകി, പ്രത്യേക കോഴ്സുകൾക്ക് തുടക്കമിട്ടത്. 15 പാർലമെന്റ് അംഗങ്ങൾ, AI കോഴ്സ് മൊഡ്യൂളുകൾ പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്ന ഇന്ത്യയുടെ പ്രയാണത്തെ മുന്നോട്ട് നയിക്കാൻ കോഴ്സിന് കഴിയുമെന്ന് ദ്രൗപതി മുർമു പറഞ്ഞു.

ഇന്ത്യയുടെ ഭാവി തൊഴിൽ ശക്തിക്ക് ഡിജിറ്റൽ അവബോധത്തോടൊപ്പം നിർമ്മിത - സാങ്കേതിക വിദ്യ സംബന്ധിച്ച് ആത്മവിശ്വാസം ഉണ്ടാകണമെന്ന് ചടങ്ങിനെ അഭിസംബോധന ചെയ്ത കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി പറഞ്ഞു.

✪✪✪

ചെന്നൈയിൽ ഒമ്പതാമത് സിദ്ധാ ദിനാഘോഷങ്ങൾ ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ദേശീയ സിദ്ധ ഇൻസ്റ്റിറ്റ്യൂട്ടും, കേന്ദ്ര സിദ്ധ ഗവേഷണ കൗൺസിലും, തമിഴ്നാട് ഹോമിയോപതി വകുപ്പും കേന്ദ്ര ആയുഷ്മന്ത്രാലയവും സംയുക്തമായാണ് ദിനാഘോഷം സംഘടിപ്പിക്കുന്നത്. ശാസ്ത്രജ്ഞർ, അക്കാദമിക് വിദഗ്ധർ, സിദ്ധ ഡോക്ടർമാർ, തമിഴ്നാട്ടിലെയും മറ്റ് സംസ്ഥാനങ്ങളിലേയും വിദ്യാർത്ഥികൾ എന്നിവർ ആഘോഷത്തിൽ പങ്കെടുക്കും.

രോഗ പ്രതിരോധ ഗവേഷണം, ആഗോള ക്ഷേമം, എന്നിവയിൽ സിദ്ധ വൈദ്യശാസ്ത്രത്തിന്റെ സംഭാവനകളെ കേന്ദ്രീകരിച്ചാണ് ദിനാഘോഷം സംഘടിപ്പിക്കുന്നത്

✪✪✪

ശ്രീബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ, ഇന്ന് ഉദ്ഘാടനം ചെയ്യും. ന്യൂഡൽഹി നാഷണൽ മ്യൂസിയത്തിന്റെയും കൊൽക്കത്ത ഇന്ത്യൻ മ്യൂസിയത്തിന്റെയും ശേഖരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന പിപ്രാഹ്വ ചരിത്ര അവശിഷ്ടങ്ങളും പുരാവസ്തുക്കളും ഇതാദ്യമായാണ് പ്രദർശിപ്പിക്കുന്നത്.

1898-ൽ കണ്ടെത്തിയ തിരുശേഷിപ്പുകൾക്ക് ബുദ്ധമത ചരിത്ര പഠനത്തിൽ അതീവ പ്രാധാന്യമുണ്ട്. പൊതുജനങ്ങൾക്ക് കൂടുതൽ അറിവ് നൽകാൻ അത്യാധുനിക ദൃശ്യ-ശ്രാവ്യ സംവിധാനങ്ങൾ പ്രദർശനത്തിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

സദ്ഭരണവും സമയബന്ധിത പ്രശ്നപരിഹാരവും ലക്ഷ്യമിട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രഗതി പദ്ധതി 50-ാമത് യോഗത്തിന്റെ വിജയകരമായ നടത്തിപ്പിലൂടെ സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. 2015-ലാണ് പദ്ധതി ആരംഭിച്ചത്.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്..........

അടിസ്ഥാന സൗകര്യ പദ്ധതികളുടെയും പൊതുജന പരാതികളുടെയും തത്സമയ നിരീക്ഷണവും പരിഹാരവും സാധ്യമാക്കിയാണ് പ്രഗതി പദ്ധതി, ഭരണത്തിൽ മാറ്റം കൊണ്ടുവന്നത്. സഹകരണ ഫെഡറലിസത്തിന്റെ മികച്ച ഉദാഹരണമായ ഈ വേദി കേന്ദ്രത്തെയും സംസ്ഥാനത്തെയും, കേന്ദ്ര മന്ത്രാലയങ്ങളെയും ഒരൊറ്റ ഡിജിറ്റൽ സൗകര്യത്തിലേക്ക് ഒരുമിച്ച് കൊണ്ടുവന്നു. തീരുമാനങ്ങൾ വേഗത്തിലാക്കാനും അടിസ്ഥാന സൗകര്യ പദ്ധതികളുടെ കാലതാമസം പരിഹരിക്കാനും പത്ത് വർഷം കൊണ്ട് പ്രഗതി സഹായിച്ചു. ഉത്തരവാദിത്ത സംസ്കാരം വളർത്തിയെടുക്കുന്നതിനും പദ്ധതി പ്രയോജനകരമായി.

പദ്ധതി മികച്ച രീതിയിൽ മുന്നോട്ട് പോകുന്നതായി ക്യാബിനറ്റ് സെക്രട്ടറി TV സോമനാഥൻ പറഞ്ഞു. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് നിർണായക അടിസ്ഥാന സൗകര്യ പദ്ധതികൾ വേഗത്തിലാക്കി കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലെ ഏകോപനം മെച്ചപ്പെടുത്തുകയാണ് പ്രഗതിയുടെ ലക്ഷ്യമെന്നും അദ്ദേഹം ന്യൂ ഡൽഹിയിൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

✪✪✪

ഇന്ത്യാ ഗവൺമെന്റ് കലണ്ടർ @2026 ന്റെ തമിഴ് പതിപ്പ് കേന്ദ്ര സഹമന്ത്രി ഡോ.L.മുരുഗൻ ചെന്നൈയിൽ പുറത്തിറക്കി. 2047-ഓടെ വികസിത് ഭാരത് സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തിന്റെ പുരോഗതി, വികസനം, തുടങ്ങിയവയുടെ മാർഗരേഖയായി കലണ്ടർ വർത്തിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

അടിസ്ഥാന സൗകര്യ വികസനത്തിലും ഗവണ്മെന്റ് ആരംഭിച്ച സാമൂഹിക സാമ്പത്തിക പരിഷ്കാരങ്ങളിലും കേന്ദ്ര ഗവണ്മെന്റിന്റെ മുൻനിര പരിപാടികളിലുമാണ് കലണ്ടറിലെ ഓരോ മാസവും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

✪✪✪

വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇവിഎം, വിവിപാറ്റ് യന്ത്രങ്ങളുടെ പ്രാഥമിക തല പരിശോധന വിവിധ ജില്ലകളിലെ കളക്ടറേറ്റുകളിൽ ഇന്ന് ആരംഭിക്കും. ഫെബ്രുവരി 16 വരെയാണ് പരിശോധന. പരിശോധനയിൽ അംഗീകൃത രാഷ്ട്രീയ കക്ഷികളുടെ സാന്നിധ്യം ഉറപ്പാക്കാൻ കളക്ടർമാർ നടപടി സ്വീകരിച്ചു. ഇതുമായി ബന്ധപ്പെട്ട അറിയിപ്പ് രാഷ്ട്രീയ പാർട്ടികൾക്ക് ഇതിനകം നൽകിയിട്ടുണ്ട്.

വോട്ടിംഗ് യന്ത്രങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ചാത്തമംഗലത്താണ് ഇ.വി.എം, വിവിപാറ്റ് പരിശോധന നടത്തുക. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിലെ അംഗീകൃത എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ, ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടറുടെ മേൽനോട്ടത്തിലാണ് പരിശോധനാ നടപടികൾ.

കണ്ണൂരിലെ പരിശോധന രാവിലെ ഒൻപത് മുതൽ താലൂക്ക് ഓഫീസ് കോമ്പൌണ്ടിലാണ്.

✪✪✪

സംസ്ഥാനതല രജിസ്ട്രേഷൻ ദിനാചരണം നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ അഞ്ചരക്കണ്ടിയിൽ ഉദ്ഘാടനം ചെയ്യും. 160 വർഷത്തെ ചരിത്ര പാരമ്പര്യം ഉണ്ട് രജിസ്ട്രേഷൻ വകുപ്പിന്. 1865-ൽ ബ്രിട്ടീഷ് ഇന്ത്യയിൽ, രാജ്യത്ത് തന്നെ ആദ്യത്തെ രജിസ്ട്രേഷൻ സംവിധാനം നിലവിൽ വന്നത് കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയിലാണ്. 1867 ജനുവരി 4-നാണ് ആദ്യ രജിസ്ട്രേഷൻ രേഖപ്പെടുത്തിയത്. ഇതിന്റെ ഓർമ്മയ്ക്കായാണ് ഈ വർഷം മുതൽ ജനുവരി 4 രജിസ്ട്രേഷൻ ദിനമായി ആചരിക്കുന്നത്.

✪✪✪

കേര കർഷകർക്ക് മികച്ച വിപണിയും ന്യായമായ വിലയും ഉറപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് 2,365 കോടി രൂപ ചെലവിൽ കേര പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി പി. പ്രസാദ് പറഞ്ഞു. 40 വർഷത്തിനിടയിൽ കൃഷി വകുപ്പ് നടപ്പാക്കുന്ന ഏറ്റവും വലിയ പദ്ധതിയാണ് കേരയെന്നും മന്ത്രി വയനാട്ടിലെ അമ്പലവയലിൽ അറിയിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്......

സംസ്ഥാനത്തെ കാർഷിക മേഖലയുടെ വളർച്ചയ്ക്ക് നിരവധി പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കിയതെന്നും മന്ത്രി പറഞ്ഞു. വയനാട് ജില്ലയിൽ കാപ്പി കൃഷിക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കും. 25 സെന്റ് മുതൽ 10 ഹെക്ടർ വരെ സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്കാണ് കേര പദ്ധതി മുഖേന

സഹായം ലഭിക്കുകയെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. സംസ്ഥാനത്ത് 32,000 കർഷകർക്ക് നാല് വർഷം കൊണ്ട് കാലാവസ്ഥ അനുയോജ്യമായ കൃഷി രീതികളിൽ പരിശീലനം നൽകും. വിപണനം, വളം പരിചരണം, ജലസേചനം, ജല സംഭരണ സംവിധാനം, സാമ്പത്തിക സഹായം, ഗുണമേന്മയേറിയ തൈകൾ ഉത്പാദിപ്പിക്കൽ നഴ്സറികൾക്ക് സഹായം തുടങ്ങിവ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

ക്ഷേത്രങ്ങളുടെയും ധർമ്മ സ്ഥാപനങ്ങളുടെയും ഭരണം സംബന്ധിച്ച് കാലാനുസൃതമായ പൊതുനിയമം കൊണ്ടു വരണമെന്ന് കോഴിക്കോട്ട് ചേർന്ന ഭാരതീയ വിചാരകേന്ദ്രം 43-ാം സംസ്ഥാന സമ്മേളനം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ക്ഷേത്ര ഭരണകാര്യങ്ങളിലെ അഴിമതികളും വീഴ്ചകളും കോടതി വ്യവഹാരങ്ങളും സമൂഹത്തിന് അപമാനമായി മാറിയെന്ന് സമ്മേളനം അംഗീകരിച്ച പ്രമേയം കുറ്റപ്പെടുത്തി.

✪✪✪

മന്ത്രി G.R.അനിൽ പൊതുജനങ്ങളുമായി നേരിട്ടു സംവദിക്കുന്ന പ്രതിമാസ ഫോൺ - ഇൻ പരിപാടി ഇന്ന് ഉച്ചയ്ക്ക് 2 മുതൽ നടത്തും. ഭക്ഷ്യ പൊതുവിതരണ ലീഗൽ മെട്രോളജി ഉപഭോക്തൃകാര്യ വകുപ്പുകളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും ജനങ്ങൾക്ക് മന്ത്രിയെ നേരിട്ട് അറിയിക്കാം.

✪✪✪

മന്ത്രി MB രാജേഷ് ഇന്ന് സംസ്ഥാനത്തെ പഞ്ചായത്ത് പ്രസിഡന്റുമാരുമായി കൂടിക്കാഴ്ച നടത്തും. തൃശ്ശൂർ കില ആസ്ഥാനത്ത് രാവിലെയും വൈകിട്ടും രണ്ട് സെഷനുകളായാണ് പരിപാടി. നേതൃപരമായ കഴിവുകൾ ശക്തിപ്പെടുത്താൻ നിർദ്ദേശങ്ങൾ നൽകുന്നതോടൊപ്പം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഭരണഘടനാപരമായ പങ്കിനെ കുറിച്ചും യോഗം ചർച്ച ചെയ്യും.

✪✪✪

ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് ഗൂഢാലോചനയിൽ പങ്കില്ലെന്ന് അറിയിച്ച് ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് N വാസു സുപ്രീം കോടതിയിൽ ജാമ്യാപേക്ഷ നൽകി. അന്വേഷണവുമായി പൂർണമായും സഹകരിക്കുന്നുണ്ടെന്നും ഹർജിയിൽ പറയുന്നു. മുൻ ദേവസ്വം ബോർഡ് അംഗം KP ശങ്കരദാസ് നൽകിയ ഹർജി ഈ മാസം ഏഴിന് സുപ്രീം കോടതി പരിഗണിച്ചേക്കും.

✪✪✪

ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. തിരക്ക് നിയന്ത്രണത്തിന്റെ ഭാഗമായി ദർശനത്തിനുശേഷം സന്നിധാനത്തുനിന്ന് തീർഥാടകർ മടങ്ങണമെന്ന് ദേവസ്വംബോർഡ് അറിയിപ്പ് നൽകി.

പത്തിനംതിട്ടയിൽ നിന്ന് ശ്രീജി എസ് ശ്രീധർ...

..........വോയ്സ്........

മകരവിളക്ക് മഹോത്സവത്തിനു രണ്ടാഴ്ച ബാക്കിനിൽക്കേ വലിയ തിരക്കിലാണ് ശബരിമല സന്നിധാനത്തും പരിസരപ്രദേശങ്ങിലും അനുഭവപ്പെടുന്നത്.

ശരംകുത്തി മുതൽ ക്യൂ ഉണ്ട്.തിരക്ക് നിയന്ത്രണത്തിന്റെ ഭാഗമായി ദർശനം അഭിഷേകം എന്നിവയ്ക്ക് ശേഷം സന്നിധാനത്തുനിന്ന് തീർഥാടകർ മടങ്ങണമെന്ന അറിയിപ്പ് ദേവസ്വംബോർഡ് നൽകുന്നുണ്ട് നിലയ്ക്കൽ മുതൽ ഭക്തരെ നിയന്ത്രണങ്ങളോടെയാണു കയറ്റിവിടുന്നത്. മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഡിസംബർ 30ന് ശബരിമല നട തുറന്നതിനു ശേഷം ഇന്നലെ വരെയുള്ള കണക്ക്പ്രകാരം 2,92,555 അയ്യപ്പഭക്തർ സന്നിധാനത്ത് ദർശനം നടത്തി. അമ്പലപ്പുഴ, ആലങ്ങാട് സംഘത്തിന്റെ എരുമേലി പേട്ടതുള്ളൽ ഈ മാസം 11 ന് നടക്കും. പന്തളത്തു നിന്നുള്ള തിരുവാഭരണ ഘോഷയാത്ര 12 നാണ് പുറപ്പെടുന്നത്. 13 ന് പമ്പ വിളക്കും പമ്പ സദ്യയും നടക്കും. മകരവിളക്ക് ദിനമായ 14ന് തി രുവാഭരണ ഘോഷയാത്ര സന്നിധാനത്ത് എത്തും. 19വരെയാണ് തീർഥാടകർക്ക് ദർശനം അനുവദിക്കുക. ജനുവരി 20 ന് രാവിലെ 6.30 ന് നട അടയ്ക്കും.

✪✪✪

അണ്ടർ 19 പുരുഷ ക്രിക്കറ്റ് മൂന്ന് മത്സര പരമ്പരയിലെ ആദ്യ ഏകദിനത്തിൽ ഇന്ത്യയിന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ബെനോനിയിലെ വില്ലോമൂർ പാർക്കിൽ ഉച്ചയ്ക്ക് 1.30-നാണ് മത്സരം. ജനുവരി 15-ന് ആരംഭിക്കുന്ന ICC അണ്ടർ 19 ലോകകപ്പിന് തൊട്ടുമുമ്പ് ഇരു ടീമുകൾക്കും തയ്യാറെടുപ്പിന് മികച്ച അവസരമാണ് ഈ പരമ്പര.

✪✪✪

സംസ്ഥാനത്തെ തീവ്രവോട്ടർപട്ടികാ പരിഷ്കരണ നടപടികളിലെ സാങ്കേതിക പിഴവുകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U ഖേൽക്കറിന് കോൺഗ്രസ് പ്രവർത്തകസമിതി അംഗം K.സുധാകരൻ കത്ത് നൽകി.

പേരുകളിലെ ചുരുക്കക്ഷരങ്ങൾക്കൊപ്പം ഉപയോഗിക്കുന്ന ചില ചിഹ്നങ്ങൾ സോഫ്റ്റ്‌വെയർ തിരിച്ചറിയാത്തത് കാരണം വോട്ടർ പട്ടികയിൽ നിന്ന്

വ്യാപകമായി പേരുകൾ നീക്കം ചെയ്യപ്പെടുകയാണെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്കയച്ച കത്തിൽ സുധാകരൻ പറഞ്ഞു.

പരാതികളും ആക്ഷേപങ്ങളും സമർപ്പിക്കുന്നതിന് ജനുവരി 22-ലെ സമയപരിധി ദീർഘിപ്പിക്കണമെന്നും സുധാകരൻ ആവശ്യപ്പെട്ടു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി കരട് വോട്ടർ പട്ടികയിലേയും ബൂത്തുകളിലെ ക്രമീകരണങ്ങളിലേയും അപാകതകൾ പരിഹരിക്കണമെന്ന് CPIM ജില്ലാ സെക്രട്ടറി M.മെഹബൂബ് ആവശ്യപ്പെട്ടു. വോട്ടർമാർക്ക് അസൗകര്യം ഉണ്ടാകരുതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

CPIM-ന്റെ കൂടാരം വിടാൻ CPI ഇനിയും വൈകരുതെന്ന് മുസ്ലിംലീഗ് നിയമസഭാ പാർട്ടി ഉപനേതാവ് ഡോ.M.K.മുനീർ കോഴിക്കോട്ട് ആവശ്യപ്പെട്ടു. കേരള ചരിത്രത്തിൽ CPI-ക്ക് മാന്യമായൊരു സ്ഥാനമുണ്ടെന്നും പത്തുവർഷം C.അച്ചുതമേനോന്റെ നീണ്ട ഭരണമാണ് സംസ്ഥാനത്തിന്റെ തലവര മാറ്റിയതെന്നും എന്നാൽ, CPIM-ന്റെ കൂടെ ചേർന്നതോടെ CPI-ക്ക് ധാർമികത ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞില്ലെന്നും M.K.മുനീർ കുറ്റപ്പെടുത്തി.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യ രാജൻ*
*NRTs: രജ്ന കെ*
*DEO : സി കെ സുബോധ്*